വകുപ്പ് തീരുമാനിച്ചിട്ടുണ്ട് എന്നുപറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ വീടുകൾക്ക് നമ്പർ നൽകുവാനുള്ള നടപടി നീക്കിക്കിട്ടുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ് എന്നുപറയുന്നു. പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഔദ്യോഗികമായി ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശം നൽകാതെ ഒരു കാരണവശാലും എന്തിവിടെ പറഞ്ഞാലും അവർ നമ്പർ ഇട്ടുകൊടുക്കാൻ പോകുന്നില്ല. ഇത് വളരെ ഗൗരവമായ പ്രശ്നമാണ്. അവർ പാവപ്പെട്ടവരാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ നിയോജകമണ്ഡലം തന്നെ കടലോരത്തായതുകൊണ്ട് മന്ത്രിക്കുപോലും പലപ്പോഴും അനുഭവപ്പെടുന്ന ഒരു പ്രശ്നമാണ്. അപ്പോൾ ഇതിനൊരു ശാശ്വതമായ പരിഹാരം കാണണം. ഇപ്പോൾ വേണ്ടത് താൽക്കാലികമായി വൈദ്യുതി ലഭിക്കാനും, റേഷൻകാർഡ് ലഭിക്കാനും ആ പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് അവസരം ഉണ്ടാക്കണം. അതിനുള്ള നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): സർ, നഗരസഭകളെ C. R. Z. II-ലും പഞ്ചായത്തുകളെ C. R. Z. III-ലും ഉൾപ്പെടുത്തി ചില നിബന്ധനകൾക്ക് വിധേയമായി ഭൂവുടമകൾക്ക് കെട്ടിടങ്ങൾ നിർമ്മിച്ച് താമസിക്കാനുള്ള അനുവാദം നൽകിയിട്ടുണ്ട്. C. R. Z. III-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളിൽ 200 മീറ്റർ മുതൽ 500 മീറ്ററിനുള്ളിൽ മൽസ്യത്തൊഴിലാളികൾ വീട് വച്ചാൽ നമ്പർ കൊടുക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇങ്ങനെയല്ലാതെ നിർമ്മിച്ചിട്ടുള്ള വീടുകൾക്ക് നമ്പർ കൊടുക്കാൻ കഴിയുമോ എന്നത് സംബന്ധിച്ച് 21-ാം തീയതി കൂടിയ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ഗൗരവമായി ചർച്ച ചെയ്തിട്ടുണ്ട്. C. R. Z. III എന്നുള്ളത് C. R. Z. II ആക്കി മാറ്റാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. [10.00 A.M.]

(4) ചെറുകിട കളിമൺ വ്യവസായികൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. പി. വിശ്വനാഥൻ: സർ, തൃശ്ശൂർ ജില്ലയിലെ ചെറുകിട കളിമൺ വ്യവസായികൾ ഇന്ന് വളരെ ഗുരുതരമായ സ്ഥിതിവിശേഷം നേരിടുകയാണ്. ധാരാളം പേർ കെ.എഫ്.സി.-യിൽ നിന്നും അതുപോലെതന്നെ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്തിട്ടുള്ളത് തിരിച്ചടയ്ക്കാത്തതുമൂലം ജപ്തി നടപടികൾക്ക് വിധേയമായി കൊണ്ടിരിക്കുകയാണ്. ഈ അടുത്ത കാലത്തായി രണ്ടു മൂന്നു കളിമൺ വ്യവസായികൾ എന്റെ നിയോജകമണ്ഡലത്തിൽ ആത്മഹത്യ ചെയ്തു. ഈ ലോൺ ഒരു ലോങ് ടേം ലോൺ ആയി മാറ്റിയെടുക്കുക, കുറേക്കൂടി ഇൻസ്റ്റാൾമെന്റ് അനുവദിക്കാനുള്ള അവസരമുണ്ടാക്കുക. ഇപ്പോൾ പരമ്പരാഗതമായ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ മുഴുവൻ അർദ്ധപട്ടിണിക്കാരാണ്. വീടും പുരയിടവുമൊക്കെ പണയപ്പെടുത്തിയാണ് അവർ ഈ ലോണൊക്കെ എടുത്തിട്ടുള്ളത്. അതുകൊണ്ട് ഒരു സാവകാശം കിട്ടത്തക്കവിധത്തിൽ ഒന്നോ രണ്ടോ കൊല്ലംവരെയെങ്കിലും മൊറോട്ടോറിയം പ്രഖ്യാപിച്ചുകൊണ്ട് ഈ ലോൺ തിരിച്ചടയ്ക്കുന്നതിന് സാവകാശം ഉണ്ടാക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ലോണിന്റെ കാര്യം പ്രത്യേകമായി പരിശോധിക്കാം. നമുക്ക് അത്തരത്തിലുള്ള ഒരു ആനുകൂല്യം വലിയ പട്ടിണിക്കാരായ ആളുകൾക്ക് കൊടുക്കണമെന്നുണ്ടെങ്കിൽ പോസിറ്റീവായിട്ട് ലോണിന്റെ കാര്യം ആലോചിക്കാം, ഈ വ്യവസായത്തിൽ വന്നിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ചില പ്രശ്നങ്ങളുണ്ട്. അതിന് പരിഹാരമെന്ന നിലയിൽ വ്യവസായത്തിനാവശ്യമായ മണ്ണെണ്ണ, വൈദ്യുതി എന്നിവ നൽകിക്കൊണ്ട് cluster ഏർപ്പെടുത്താൻ പ്രൊപ്പോസൽ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുമായിട്ട് ഈ വിഷയം സംസാരിക്കാം.

(5) ഉമയനല്ലൂർ സർക്കാർ പ്രിന്റിംഗ് പ്രസ്സിന് സ്വന്തമായ കെട്ടിടവും കട്ടിംഗ് മെഷിനും ലഭ്യമാക്കാൻ നടപടി

ശ്രീ. എ. എ. അസീസ്: സർ, ഉമയനല്ലൂർ സർക്കാർ പ്രിന്റിംഗ് പ്രസ്സ് ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നാളിതുവരെ ഈ പ്രസ്സിന്റെ പ്രവർത്തനത്തിന് കട്ടിംഗ് മെഷീൻ വാങ്ങിയിട്ടില്ല. ഇപ്പോൾ പ്രിന്റിംഗ് കഴിഞ്ഞതിനുശേഷം പുറത്തുകൊടുത്താണ് കട്ടിംഗ് ജോലികൾ ചെയ്തുവരുന്നത്. ഉമയനല്ലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോമ്പൗണ്ടിൽ പ്രസ്സ് കെട്ടിടം പണിയാൻ ശിലാസ്ഥാപനം നടത്തിയിട്ട് വർഷങ്ങളായി. കെട്ടിടത്തിന്റെ പണി ആരംഭിച്ചിട്ടില്ല. കെട്ടിടം പണി ആരംഭിക്കാനും കട്ടിംഗ് മെഷീൻ വാങ്ങാനും അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെടുന്നു.

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം.എ. കുട്ടപ്പൻ): സർ, ഉമയനല്ലൂർ സർക്കാർ പ്രിന്റിംഗ് പ്രസ്സിന്റെ കെട്ടിട നിർമ്മാണത്തിനായി അച്ചടി വകുപ്പിന്റെ കീഴിൽ നാലേക്കറോളം ഭൂമിയുണ്ട്, 2001-ൽ അവിടെ പ്രസ്സ് പ്രവർത്തനം ആരംഭിച്ചുവെങ്കിലും തസ്തികകൾ ഒന്നും സൃഷ്ടിച്ചിരുന്നില്ല. എന്തായാലും പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയറോട് എസ്റ്റിമേറ്റ് തരാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ പുതുതായി കട്ടിംഗ് മെഷീൻ വാങ്ങാൻ ഫണ്ട് ലഭ്യമല്ല. മണ്ണന്തലയിലുള്ള ഗവൺമെന്റ് പ്രസ്സിൽ നിന്ന് ഒരു സെമി ആട്ടോമാറ്റിക് കട്ടിംഗ് മെഷീൻ അങ്ങോട്ടു കൊണ്ടുപോകാനാണ് തീരുമാനിച്ചിരിക്കുന്നത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കു കെട്ടിടം പണി ആരംഭിക്കുന്നതാണ്.

(6) ഉടുമ്പൻചോല താലൂക്കിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കാൻ നടപടി

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഉടുമ്പൻചോല താലൂക്ക് വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ പ്രത്യേകിച്ച് രാമക്കൽമേട്, നെടുങ്കണ്ടം പഞ്ചായത്ത്, കരുണാപുരം, പാമ്പാടുംപാറ പഞ്ചായത്തുകളിലും, തമിഴ്നാടിന്റെ ബൗണ്ടറി പ്രദേശങ്ങളിലും വർഷങ്ങളായി കാര്യമായ മഴ ലഭിക്കുന്നില്ല. ഈ വർഷം വരൾച്ച വളരെ രൂക്ഷമായിരിക്കുകയാണ്. അവിടെ കുഴൽക്കിണറാണ് ഏക ആശ്രയം. കുടിവെള്ളത്തിന്റെ ഈ പ്രശ്നം പരിഹരിക്കണം. പക്ഷെ വരൾച്ചാ ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് ഈ കുഴൽക്കിണർ കുഴിക്കാൻ പാടില്ലായെന്നു പറഞ്ഞ് റവന്യൂ വകുപ്പു സെക്രട്ടറിയുടെ ഒരു ഉത്തരവ് നിലനിൽക്കുകയാണ്. ഞാൻ ഇതു സംബന്ധിച്ച് മിനിസ്റ്റർക്ക് ഒരു കത്തു നല്കിയിരുന്നു. അതിന് അനുകൂലമായ സമീപനമൊക്കെ എടുത്തിട്ടുണ്ടെങ്കിലും റവന്യൂ വകുപ്പു സെക്രട്ടറിയുടെ ഉത്തരവ് തിരുത്തിയെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയൂ. അതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കുടിവെള്ള ക്ഷാമമുള്ളിടത്തെല്ലാം ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്നുണ്ട്. കുടിവെള്ളത്തിന് ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ല. അതിനകത്ത് ഫണ്ടിന്റെ പ്രശ്നമേയില്ല. വെള്ളം കൊടുത്തുകൊള്ളാം. പിന്നെയുള്ളത് കേന്ദ്ര ഗവൺമെന്റിന്റെ നോംസ് അനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly